ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:04.01.2026

## പ്രധാനവാർത്തകൾ

1. അഴിമതി രഹിത സേവനത്തിലൂടെ മാത്രമേ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
2. തൃശ്ശൂർ റെയിൽവേ സ്റ്റേഷന് സമീപമുണ്ടായ തീപിടുത്തത്തിൽ റെയിൽവേയിലെ ഉന്നത ഉദ്യോഗസ്ഥരോട് വിശദീകരണം തേടി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. പാർക്കിങ് കേന്ദ്രങ്ങളിൽ വ്യാപക പരിശോധന നടത്തുമെന്ന് ഡി ജി പി.
3. സംസ്ഥാനത്ത് കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതി സമർപ്പണ നടപടികൾ പുരോഗമിക്കുന്നു. പരാതികൾ ഈ മാസം 22 വരെ സമർപ്പിക്കാം.
4. ന്യൂഡൽഹിയിൽ നടക്കുന്ന 29-ാമത് ദേശീയ യുവോത്സവത്തിൽ പങ്കെടുക്കാൻ കേരളത്തിൻറെ 35 അംഗ സംഘം. തിരുവനന്തപുരം ലോക്ഭവനിൽ നാളെ യാത്രയയപ്പ്.
5. ശബരിമല മകരവിളക്കിനോടനുബന്ധിച്ച് കെ എസ് ആർ ടി സിയുടെ തൊള്ളായിരം ബസുകൾ സർവ്വീസിന് സജ്ജമായതായി മന്ത്രി കെ.ബി ഗണേഷ് കുമാർ.

RNU TVPM

6. ഇന്ത്യ-ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ.

**&&&&&&&&&&&&&&&&&**

## രജിസ്ട്രേഷൻ ദിനാചരണം

അഴിമതി രഹിത സേവനത്തിലൂടെ മാത്രമേ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ അഞ്ചരക്കണ്ടിയിൽ രജിസ്ട്രേഷൻ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരണത്തിന്റെ പാതയിലാണെന്നും മുഖ്യമന്ത്രി അറിയിച്ചു.

**&&&&&&&&&&&&&&&&&**

## പി. രാജീവ് - കോൺക്ലേവ്

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ' പെട്രോ കെമിക്കൽ ആൻഡ് അലൈഡ് സെക്ടർസ് ' എന്ന വിഷയത്തിൽ നാളെ കോൺക്ലേവ് സംഘടിപ്പിക്കും. വ്യവസായ വികസന കോർപറേഷൻ കൊച്ചിയിൽ സംഘടിപ്പിക്കുന്ന കോൺക്ലേവ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. പെട്രോ കെമിക്കൽ മേഖലയിലെ നിക്ഷേപ അവസരങ്ങൾ കണ്ടെത്തുന്നതിന് കോൺക്ലേവ് ഊന്നൽ നൽകും.

RNUTVPM

**&&&&&&&&&&&&&&&&&**

## സുരേഷ് ഗോപി-തൃശ്ശൂർ

തൃശ്ശൂർ റെയിൽവേ സ്റ്റേഷന് സമീപമുണ്ടായ തീപിടുത്തത്തിൽ റെയിൽവേയിലെ ഉന്നത ഉദ്യോഗസ്ഥരോട് വിശദീകരണം തേടി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറോട് അടിയന്തര അന്വേഷണ റിപ്പോർട്ട് നൽകാൻ മന്ത്രി കെ രാജനും നിർദേശിച്ചു. റെയിൽവേ സ്റ്റേഷന്റെ പിൻഭാഗത്തെ പ്രവേശന കവാടത്തിലെ ബൈക്ക് പാർക്കിങ് ഏരിയയിലാണ് തീപിടിച്ചത്. നിരവധി ബൈക്കുകൾ കത്തി നശിച്ചു.

&&&&&&&&&&&&&&&&

## ഡിജിപി റവാഡ ചന്ദ്രശേഖർ -തൃശ്ശൂർ

തൃശ്ശൂർ റെയിൽവേ സ്റ്റേഷനിലെ തീ പിടുത്തത്തിൽ
കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുമെന്ന് സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖർ. ഗുരുതരമായ സുരക്ഷാ വീഴ്ചയാണ് സംഭവിച്ചത്. പെയ് ആന്റ് പാർക്ക് സെൻററുകളിൽ പോലീസ് വ്യാപക പരിശോധന നടത്തുമെന്നും അദ്ദേഹം പറഞ്ഞു. മറ്റു ദുരൂഹതകൾ ഈ ഘട്ടത്തിൽ സംശയിക്കുന്നില്ലെന്നും ഡിജിപി വ്യക്തമാക്കി.

&&&&&&&&&&&&&&&&

## എസ് ഐ ആർ-കേരള

സംസ്ഥാനത്ത് കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. കരട് വോട്ടർ പട്ടികയിലെ ഹിയറിങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&

## കേരള നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിന് ഈ മാസം 20 ന് തുടക്കമാകും. 33 ദിവസത്തെ നിയമസഭാ സമ്മേളനം മാർച്ച് 26 വരെ 3 ഘട്ടമായാണ് നടക്കുന്നത്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ സഭാ സമ്മേളനം ആരംഭിക്കും. ധനമന്ത്രി കെ എൻ ബാലഗോപാൽ ഈ മാസം 29 ന് സംസ്ഥാന ബജറ്റ് അവതരിപ്പിക്കും. ഫെബ്രുവരി 2 മുതൽ 4 വരെ ബജറ്റിൻമേലുള്ള പൊതു ചർച്ചയും നടക്കും.

&&&&&&&&&&&&&&&&

സ്കൂൾ തുറക്കൽ

ക്രിസ്മസ് അവധിക്കു ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. പ്ലസ്ടു ഹിന്ദി ചോദ്യപേപ്പർ ചോർന്നതിനെ തുടർന്ന് മാറ്റി വച്ച പരീക്ഷ നാളെ ഉച്ചയ്ക്ക് ശേഷം നടക്കും. പ്ലസ് വൺ, പ്ലസ്ടു ക്ലാസുകളിലെ ശേഷിക്കുന്ന ഓരോ പരീക്ഷകൾ മറ്റന്നാൾ നടക്കും. ക്രിസ്മസ് അവധിക്കായി കഴിഞ്ഞ മാസം 23 നാണ് സ്കൂളുകൾ അടച്ചത്.

&&&&&&&&&&&&&&&&

ഡിജിറ്റൽ മ്യൂസിയം (ഇൻട്രോ)

തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ തിരുവിതാംകൂർ ചരിത്രം പൊതുജനങ്ങൾക്ക് നേരിട്ട് കാണാനുള്ള സൗകര്യമൊരുങ്ങുന്നു. ത്രീ ഡി സംവിധാനത്തിൽ കാണാൻ കഴിയുന്ന ഡിജിറ്റൽ മ്യൂസിയത്തിൻറെ ഭാഗമായാണ് പ്രദർശനം.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്......**

**(വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&

സംരക്ഷണ ഭിത്തിയിൽ വിള്ളൽ -കോഴിക്കോട്

കോഴിക്കോട് വടകര ചോമ്പാലയിൽ ദേശീയപാത - 66 നോട് ചേർന്ന അണ്ടർ പാസിൻ്റെ സംരക്ഷണ ഭിത്തിയിൽ വിള്ളൽ. കഴിഞ്ഞ ദിവസം തിരുവങ്ങൂരിൽ നിർമാണത്തിലിരിക്കുന്ന ഭാഗം സർവീസ് റോഡിലേക്ക് അടർന്ന് വീണ സംഭവവും റിപ്പോർട്ട് ചെയ്തിതിരുന്നു.

&&&&&&&&&&&&&&&&

വയനാട് - ടൗൺഷിപ്പ് (ഇൻട്രോ)

മുണ്ടക്കൈ-ചൂരൽമല ദുരന്ത ബാധിതർക്കായി എൽസ്റ്റൺ എസ്റ്റേറ്റിൽ ഉയരുന്ന ടൗൺഷിപ്പിൽ 237 സ്വപ്ന ഭവനങ്ങളുടെ വാർപ്പ് പൂർത്തിയായി. അഞ്ച് സോണുകളിലായാണ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്..........
(വോയിസ്)

&&&&&&&&&&&&&&&&

## യങ് ലീഡേഴ്സ് ഡയലോഗ്

29-ാമത് ദേശീയ യുവോത്സവത്തിൻ്റെ ഭാഗമായി ഈ മാസം 9 മുതൽ 12 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സംഘടിപ്പിക്കുന്ന വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിൽ കേരളത്തിൽ നിന്നും 35 പേർ പങ്കെടുക്കും. ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന സംഘങ്ങങ്ങൾക്ക് തിരുവനന്തപുരം ലോക് ഭവനിൽ നാളെ വൈകീട്ട് 6 മണിക്ക് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ യാത്രയയ്പ്പ് നൽകും. ചൊവ്വാഴ്ച തിരുവനന്തപുരത്ത് നിന്നു കേരള എക്സ്പ്രസ്സിലാണ് ഇവർ യാത്ര തിരിക്കുന്നത്.

&&&&&&&&&&&&&&&&

## പുനർജ്ജനി കേസ്

പുനർജ്ജനി കേസിൽ തനിക്കെതിരെ സി.ബി.ഐ അന്വേഷണത്തിന് ശിപാർശ ചെയ്ത വാർത്ത വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. 2018-ന് ശേഷമാണ് ഇത്തരമൊരു ആരോപണം ഉയർന്നത്. കേസ് നിയമപരമായി നിലനിൽക്കില്ലെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം വയനാട്ടിൽ പറഞ്ഞു. അതേസമയം, സിബിഐ അന്വേഷണത്തിന് വിജിലൻസ് ശിപാർശ ചെയ്ത സംഭവത്തിൽ തീരുമാനം എടുക്കേണ്ടത് സംസ്ഥാന സർക്കാരാണെന്ന് സിപിഐ(എം)സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പ്രതികരിച്ചു.

&&&&&&&&&&&&&&&&

## അനൗൺസ് മെൻറ്

കേന്ദ്ര സർക്കാരിൻ്റെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന

RNU TVPM

പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയെക്കുറിച്ചുള്ള ചർച്ചയുടെ അവസാന ഭാഗം ഇന്ന് രാത്രി 11 മണിക്ക് കേൾക്കാം. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിസ്റ്റ്യൂട്ട് - വിഴിഞ്ഞം റീജിയണൽ സെൻററിലെ സീനിയർ സയൻറിസ്റ്റ് ഡോക്ടർ സൂര്യ എസ് സംസാരിക്കും.

&&&&&&&&&&&&&&&&

പി എം - വാരാണസി

2014 ന് - ശേഷം രാജ്യത്തെ കായിക മേഖല മികച്ച പ്രകടനമാണ് കാഴ്ചവെക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വാരാണസിയിൽ നടക്കുന്ന 72 -ാമത് ദേശീയ വോളിബോൾ ടൂർണമെൻറ് വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദേശീയ കായിക നിയമം, ഖേലോ ഭാരത് നീതി തുടങ്ങിയവയിലൂടെ കേന്ദ്ര സർക്കാർ കായിക മേഖലയിൽ നിരവധി പരിഷ്കാരങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്നും പ്രധാനമന്ത്രി അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&

കെഎസ്ആർടിസി-ഗണേഷ് കുമാർ

മകരവിളക്കിനോടനുബന്ധിച്ച് പമ്പയിലേക്ക് സർവീസ് നടത്തുന്നതിനായി തൊള്ളായിരം ബസ്സുകൾ സജ്ജമാക്കിയിട്ടുണ്ടെന്ന് ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാർ. പമ്പയിൽ നടന്ന അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആവശ്യമെങ്കിൽ നൂറു ബസ്സുകൾ കൂടി അനുവദിക്കും. കൂടുതൽ ബസ്സുകൾ സർവീസ് നടത്തുന്നതിന് അനുസരിച്ച് പമ്പ ഹിൽടോപ്പിൽ പാർക്കിങ്ങിന് കൂടുതൽ സൗകര്യം ഏർപ്പെടുത്തുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&

## ശബരിമല

മകരസംക്രമസന്ധ്യയിൽ അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണങ്ങൾ ഈ മാസം 12 ന് പന്തളത്ത് നിന്ന് ഘോഷയാത്രയായി ശബരിമലയിലേക്ക് കൊണ്ടു പോകും. പതിനാലിനാണ് മകരവിളക്ക്. പന്തളം വലിയ തമ്പുരാൻറെ പ്രതിനിധിയായി പി എൻ നാരായണ വർമയാണ് ഇത്തവണ ഘോഷയാത്ര നയിക്കുന്നത്.

&&&&&&&&&&&&&&&&

## ഗാന്ധി ഫോട്ടോ പ്രദർശനം -കണ്ണൂർ(ഇൻട്രോ)

സ്വന്തം ജീവിതം തന്നെ സന്ദേശമാക്കിയ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ സ്മൃതിയുണർത്തി 'ഗാന്ധി കാലാതീത പൈതൃക ഫോട്ടോ പ്രദർശനം' കണ്ണൂരിൽ ആരംഭിച്ചു. കണ്ണൂർ പൈതൃക ഉത്സവത്തിൻറെ ഭാഗമായി മഹാത്മാ മന്ദിരത്തിൽ ചൊവ്വാഴ്ച വരെയാണ് പ്രദർശനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ......**

**(വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ഇന്ത്യ-ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ. ഉച്ചക്ക് 1 മണിക്ക് ദക്ഷിണാഫ്രിക്കയിലെ ബെനോണിയിലാണ് മത്സരം. പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കായിരുന്നു ജയം. മൂന്ന് മത്സരങ്ങളാണ് പരമ്പരയിൽ ഉള്ളത്.

&&&&&&&&&&&&&&&&

## സിഐടിയു അഖിലേന്ത്യാ

സിഐടിയു അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായി എളമരം കരീമിനെ തെരഞ്ഞെടുത്തു. ഈ പദവിയിലെത്തുന്ന ആദ്യ മലയാളിയാണ് അദ്ദേഹം. സുദീപ് ദത്തയാണ് അഖിലേന്ത്യ

പ്രസിഡൻറ്. വിശാഖപട്ടണത്ത് നടന്ന പതിനെട്ടാം അഖിലേന്ത്യ സമ്മേളനത്തിലാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.

**&&&&&&&&&&&&&&&&**

മേയർക്കൊപ്പം വികസന ചർച്ച

തിരുവനന്തപുരം കണ്ണമ്മൂല വാർഡ് കമ്മിറ്റി സംഘടിപ്പിച്ച മേയർക്കൊപ്പം വികസന ചർച്ച പരിപാടി മേയർ വി.വി.രാജേഷ് ഉദ്ഘാടനം ചെയ്തു. വാർഡ് കൗൺസിലർ പാറ്റൂർ രാധാകൃഷ്ണൻ അദ്ധ്യക്ഷനായി. വാർഡിൻ്റെ സമഗ്ര വികസനം സംബന്ധിച്ച് ജനസഭ ചർച്ച ചെയ്ത് അംഗീകരിച്ച രൂപരേഖ ഗ്രീൻ ഫ്ലോ കണ്ണമ്മൂല മേയർക്ക് കൈമാറി.

**&&&&&&&&&&&&&&&&**

കീം 2026

സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് നാളെ മുതൽ അപേക്ഷിക്കാം. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ cee.kerala.gov.in ലെ 'കീം 2026 ഓൺലൈൻ അപ്ലിക്കേഷൻ' ലിങ്കിലൂടെ ഈ മാസം 31 ന് വൈകിട്ട് വരെ അപേക്ഷ സമർപ്പിക്കാം.

**&&&&&&&&&&&&&&&&**

**&&&&&&&&&&&**

**&&&**

PNU TVPM